# ഉപസംഹാരം

സമൂഹത്തിൽ നിലനിൽക്കുന്ന അധികാരവ്യവസ്ഥകൾ കേശവദേവിന്റെ നോവലുകളിൽ എങ്ങനെ പ്രതിഫലിക്കുന്നു എന്നാണിതുവരെ അന്വേഷിച്ചത്. മനുഷ്യനും അധികാരവും തമ്മിലുള്ള ബന്ധം സമൂഹത്തിന്റെ എല്ലാ മേഖലകളിലും കാണുന്നു. അവ കേശവദേവിന്റെ ഏറെക്കുറെ എല്ലാ നോവലുകളിലും പ്രതിഫലിക്കുന്നുമുണ്ട്. പല അധ്യായങ്ങളിലായി ചർച്ച ചെയ്ത പ്രധാന ആശയങ്ങൾ ഉദ്ഗ്രഥിക്കാനാണ് ഇവിടെ ശ്രമിച്ചിരിക്കുന്നത്.

സഹജീവികളിൽ ആധിപത്യം സ്ഥാപിക്കാനും അതിൽ നിന്ന് ആനന്ദം നേടാനുമുള്ള താത്പര്യം അധികാരപ്രയോഗത്തിലുണ്ട്. കുറുക്കുവഴികളിലൂടെ സ്ഥാനമാനങ്ങൾ നേടി വ്യക്തിപ്രഭാവം വികസിപ്പിക്കാനുള്ള സാധ്യതയും കാണാം. അധികാരം ലഹരിയാണ്. വീണ്ടും വീണ്ടും ലഹരിവസ്തുക്കൾ ഉപയോഗിക്കണമെന്നു തോന്നുംപോലെയാണ് അധികാരമോഹവും. യഥാർത്ഥത്തിൽ അനാഥരുടെയും നിരാലംബരുടെയും ആശ്രയമാവാൻ അധികാരസ്ഥാനത്തിനു കഴിയും. അതേസമയം അന്യരുടെ കാര്യത്തിൽ ഇടപെട്ട് അവന് നഷ്ടം വരുത്തുന്ന പ്രവൃത്തി ചെയ്യുന്നതും അധികാരത്തിന്റെ രീതിയാണ്. അപരന്റെ സ്വാതന്ത്ര്യത്തിൽ ഇടപെട്ട് അവനിലേക്ക് തന്റെ ഇച്ഛ അടിച്ചേൽപ്പിക്കുന്നതും കാണാം. അങ്ങനെ സങ്കീർണ്ണതകളുടെ കേളീരംഗമാണ് അധികാരം.

ന്യൂനപക്ഷമാളുകൾ അധികാരം കൈയാളുമ്പോൾ ഭൂരിപക്ഷം അതിനു വിധേയരാവുന്നു. അങ്ങനെ അധികാരകേന്ദ്രങ്ങൾ ഉണ്ടാവുന്നു. സമൂഹമാകട്ടെ ഏതുതരം അധികാരകേന്ദ്രത്തേയും സ്വീകരിക്കും. ശക്തമായ അധികാരകേന്ദ്രങ്ങളാണെങ്കിൽ അത് സ്ഥിരമായി നിലനിൽക്കും. ശിഥിലമായ അധികാരകേന്ദ്രങ്ങളെ തകർത്ത് പുതിയ അധികാരകേന്ദ്രങ്ങളിൽ വിശ്വാസമർപ്പിക്കുകയാണ് സമൂഹത്തിന്റെ രീതി. സാമൂഹ്യമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്ന ഉദ്ദേശ്യത്തോടെയാണ് അധികാരകേന്ദ്രങ്ങളുണ്ടാകുന്നത്. എന്നാൽ പലപ്പോഴും പ്രശ്നപരിഹാരത്തിനുശേഷം അധികാര

കേന്ദ്രം ശക്തമാവുകയും സമൂഹത്തിന് അത് ആപത്കരമായിത്തീരുകയും ചെയ്യും.

അധികാരത്തിന്റെ വ്യത്യസ്തതലങ്ങൾ കേശവദേവിന്റെ നോവലുകളിൽ കാണാൻ കഴിഞ്ഞു. അരിസ്റ്റോട്ടിൽ അധികാരഘടനയെ വിലയിരുത്തുമ്പോൾ പരാമർശിക്കുന്ന റ്ററണി ദേവിന്റെ 'അധികാര'മെന്ന നോവലിലെ ഗോപാലൻ നായരിൽ കാണാം. വികലമായ ഭരണത്താൽ അധികാരം നഷ്ടപ്പെടുകയാണ് അയാൾക്ക്. ഇതേരീതിതന്നെയാണ് 'ഞൊണ്ടിയുടെ കഥ'യിലെ ദാമുവിനും സംഭവിച്ചത്. വിജയയുടെ ഭർത്താവെന്ന സ്ഥാനവും ഉയർന്ന പദവികളുമെല്ലാം ദുർവിനിയോഗം ചെയ്തപ്പോൾ അധികാരസ്ഥാനത്തുനിന്ന് അയാൾ പിൻതള്ളപ്പെടുന്നു. അധികാരഘടനയിലെ ഏകാധിപത്യരീതിയെ ചോദ്യം ചെയ്ത അരിസ്റ്റോട്ടിൽ അത് നിലനിൽക്കില്ല എന്ന് വ്യക്തമാക്കുന്നു. ദേവിന്റെ ചില കഥാപാത്രങ്ങൾ വികലമായ ഏകാധിപത്യരീതിയുടെ പതനത്തിനുദാഹരണമാണ്.

മാക്സ് വെബർ വിശദമാക്കുന്ന അധികാരത്തിന്റെ മൂന്നുവിഭാഗങ്ങളിൽ പ്രധാനപ്പെട്ടതാണ് വ്യക്തിപ്രഭാവപരമായ അധികാരം. ഒരു വ്യക്തിയുടെ കഴിവിൽ വിശ്വസിച്ചുകൊണ്ട് സമൂഹം അയാളിൽ അധികാരം ഏൽപ്പിക്കുകയാണ്. 'വെളിച്ചം കേറുന്നു'വിലെ ദാമോദരക്കുറുപ്പ് സ്വയം അധികാരസ്ഥാനത്തിലെത്തിയ ആളാണ്. അമ്മാവനെ ഏതിർത്ത് തറവാട്ടിലെ കാര്യങ്ങൾ ചെയ്തപ്പോൾ വീട്ടിലും നാട്ടിലും അയാളെ ബഹുമാനിക്കാൻ ആളുകളുണ്ടായി. എതിർപ്പിന്റെ കഥാകാരന്റെ നേർച്ചിത്രമായി കുറുപ്പ് മാറുന്നു. 'അധികാര'ത്തിലെ രാമുവും ഇത്തരത്തിലാണ് അധികാരസ്ഥാനത്ത് നിലയുറപ്പിച്ചത്. പുതിയ സാമൂഹ്യാവസ്ഥയെ എതിർത്തുനിന്ന ദാമുവിന് നാട്ടുകാരും പാർട്ടിക്കാരും സമുന്നതമായ സ്ഥാനം നൽകി. ദാമു സ്വന്തം പാർട്ടിയിലെ പ്രശ്നങ്ങളെ എതിർത്തുകൊണ്ട് ശ്രദ്ധേയനായി. അധികാരസ്ഥാനം സമൂഹം നൽകുമ്പോൾ അത് ഏറ്റെടുത്തു പ്രവർത്തിക്കുകയാണ് ദേവിന്റെ നായകൻമാർ.

സാമൂഹികമായ അധികാരത്തെക്കുറിച്ചാണ് ഗ്രാംഷി പറയുന്നത്. സമൂഹത്തിൽ നിലനിൽക്കുന്ന നിയമവ്യവസ്ഥയോട് ചേർന്നാണ് അധികാരത്തെ അദ്ദേഹം കാണുന്നത്. അധികാരം ആധിപത്യത്തോടല്ല അധീശത്വത്തോടാണ് ചേർന്നുനിൽക്കുന്നത്. ഭരണത്തിലിരിക്കുന്ന ആൾ വ്യക്തിപരമായ അധികാര പ്രയോഗമല്ല നടത്തേണ്ടത്. സാമൂഹികമായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തിക്കൊണ്ട് ഭരണം നടത്തുകയാണു വേണ്ടത്. അയൽക്കാരിലെ പത്മനാഭ പിള്ള ഇതിന് ഉദാഹരണമാണ്. സാമൂഹ്യമായ പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ടാണ് അയാൾ ഭരണം നടത്തുന്നത്. കഥാരംഭത്തിൽ വെള്ളപ്പൊക്കമുണ്ടാകുമ്പോൾ ചെയ്യുന്ന കാര്യങ്ങളും വർഗ്ഗീയലഹള നടക്കുമ്പോൾ അതിനോടുകാട്ടുന്ന സമീപനവും വ്യക്തി എന്ന നിലയിലുള്ള പ്രതികരണമല്ല. മറിച്ച് സാമൂഹ്യമായ ഒരു നിലപാടാണ് അയാൾ നടപ്പിലാക്കുന്നത്.

അധികാരം അതിജീവനത്തിന്റെ തലത്തിലും നിയന്ത്രണത്തിന്റെ മേഖലയിലും ബുദ്ധിയുടെ വ്യാപാരത്തിലും പ്രവർത്തിക്കുന്നു. അറിവും അധികാരവും തമ്മിൽ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. അറിവും സത്യവും വ്യവഹാരവും എല്ലാം അധികാരത്തോട് ചേർന്നിരിക്കുന്നു. അധികാരസ്ഥാനങ്ങളുടെ നിലനിൽപ്പ് അറിവിന്റെ ശക്തമായ പ്രയോഗത്തിലൂടെയാണ് നടപ്പിലാവുക. അറിവിന്റെ മേഖല വലുതാകുംതോറും അധികാരപ്രയോഗ സാധ്യതയും വർദ്ധിക്കുന്നു. ജ്ഞാനം അധികാരത്തെ ഉൾക്കൊള്ളുന്നതു പോലെ അധികാരം ജ്ഞാനത്തേയും ഉൾക്കൊള്ളൂന്നു. അധികാരപ്രാപ്തിക്കായി മനുഷ്യൻ ജ്ഞാനത്തെ ആശ്രയിക്കുന്നു എന്ന നീഷെയുടെ കണ്ടെത്തലും ഓർക്കുക.

അധികാരകേന്ദ്രങ്ങൾ ആവിർഭവിക്കുന്നത് സമൂഹത്തിൽ അത് ആവശ്യമുണ്ടെന്നതുകൊണ്ടാണ്. അധികാരകേന്ദ്രം ജ്ഞാനതലത്തിൽ പ്രവർത്തിക്കുന്നതിന് ഉദാഹരണമാണ് ദേവിന്റെ 'റൗഡി' എന്ന നോവലിലെ പരമു. ആയുധംകൊണ്ടും അധികാരംകൊണ്ടും എല്ലാം നേടാമെന്നു കരുതുന്ന

പരമുവിന്റെ പതനമാണ് നോവലിൽ കാണുന്നത്. അധികാരസ്ഥാനത്ത് നില നിൽക്കാനാഗ്രഹിക്കാതെ മഹത്തായ ഒരു ലക്ഷ്യത്തിനായി പ്രവർത്തിക്കുന്ന പപ്പുവിനെയാണ് 'ഓടയിൽനിന്നി'ൽ കാണുക. തന്റെ ഗ്രാമത്തിൽ ഒരു വായ നശാല സ്ഥാപിക്കാൻ കഷ്ടപ്പെടുന്ന വാസൂള്ളയെ 'വായനശാലവാസൂള്ള' എന്ന കഥയിൽ ദേവ് അവതരിപ്പിക്കുന്നു. ഇരുകഥാപാത്രങ്ങളും നില നിൽക്കുന്ന അധികാരസ്ഥാനത്തിരുന്ന് പ്രവർത്തിച്ചുകൊണ്ട് സ്വയം അധി കാരകേന്ദ്രമാകുന്നു. വായനശാല ആവശ്യമാണെന്ന അറിവ് അതിനായി പ്രവർത്തിക്കാനുള്ള ശക്തി വാസൂള്ളയ്ക്ക് നൽകുന്നു. ലക്ഷ്മി അനാഥയാ ണെന്ന അറിവ് പപ്പുവിനെ ജീവിക്കാൻ പ്രേരിപ്പിക്കുന്നു. അറിവിന്റെ വ്യത്യസ്തമേഖലകളിലൂടെ അധികാരസ്ഥാനം സ്വീകരിക്കുകയാണ് ഇരു കഥാപാത്രങ്ങളും.

ജന്മിത്തവ്യവസ്ഥിതിയുടെ ഉത്ഭവവും അതിന്റെ അടിസ്ഥാനഭാവമായ അധികാരപ്രയോഗവും വിശദമായി പരിശോധിച്ചു. 'ഉലക്ക'യെന്ന നോവ ലിൽ കൊച്ചയ്യപ്പന് നേരിടേണ്ടിവന്ന ക്രൂരമായ അനുഭവവും ഉണ്ണൂലിയിൽ വരുത്തിയമാറ്റവും ജന്മിത്താധികാരത്തിന്റെ ഇടപെടലിന്റെ ഫലമായി കാണാം. അധികാരത്തിന്റെ വ്യക്തമായ പ്രയോഗസാധ്യത ജന്മിത്തവ്യവ സ്ഥയിലുണ്ട്. അധികാരകേന്ദ്രങ്ങളുടെ പതനവും മുതലാളിത്തവ്യവസ്ഥയുടെ ആരംഭവുമാണ് അതിന്റെ അപചയത്തിനു കാരണം. 'അയൽക്കാരി'ലെ പത്മ നാഭപിള്ളക്കാരണവരുടെ ജീവിതം ജന്മിത്താധികാരത്തിന്റെ തകർച്ചയ്ക്കു ദാഹരണമായി പറയാവുന്നതാണ്.

ജാതിയുടെ മേഖലയിൽ മാത്രമല്ല മതത്തിന്റെ തലത്തിലും അധി കാരം നിലനിൽക്കുന്നു. മതഭ്രാന്ത് മതാധികാരത്തിന്റെ സൃഷ്ടിയാണ്. വർഗ്ഗീ യതയുടെ വളർച്ചയ്ക്കടിസ്ഥാനം അധികാരസ്ഥാനത്തിന്റെ നിലനിൽപ്പിനാ യുള്ള നിഗൂഢപ്രവർത്തനമാണെന്നുകാണാം. ജാതിയുടെയും മതത്തിന്റെയും അടിസ്ഥാനത്തിൽ ഹോട്ടലുകൾ നടത്തി ജനങ്ങളെ ചൂഷണം ചെയ്യുന്ന

സംഭവങ്ങൾ 'അധികാര'ത്തിൽ കാണാം. ഫാക്ടറിയിൽ ജാതീയമായ വേർതിരിവുകൾ ഉണ്ടാക്കി തൊഴിലാളികളെത്തമ്മിൽ ഭിന്നിപ്പിക്കുന്ന മുതലാളിമാരെ 'കണ്ണാടി'യിൽ ദേവ് ചിത്രീകരിച്ചിരിക്കുന്നു. ജാതീയമായ അധികാരം കാരണം അവശവിഭാഗങ്ങൾ മതപരിവർത്തനം നടത്തുന്നതും നോവലിൽ കാണാം. മതത്തിന്റെ ദുരവസ്ഥ ചിത്രീകരിച്ചിരിക്കുന്ന ഗുസ്തി എന്ന കഥയും ദേവിന്റേതായുണ്ട്.

സാമൂഹികമേഖലയിലെ അധികാരത്തിന്റെ തലം പരിശോധിക്കുമ്പോൾ ജൈവാധികാരമാണ് ആദ്യം ചർച്ചചെയ്യപ്പെട്ടത്. ശരീരത്തിനുമേലുള്ള അധികാരപ്രയോഗമാണ് ജൈവാധികാരം. ഓടയിൽനിന്നിലെ പപ്പുവും കല്ല്യാണിയും തമ്മിലുള്ള ബന്ധം ഇതിന് ഉദാഹരണമാണ്. അധികാരപ്രാപ്തിയിൽ സ്ത്രീകഥാപാത്രങ്ങൾക്കുള്ള പങ്ക് അന്വേഷിക്കുകയാണ് ഗാർഹികാധികാരത്തിലൂടെ. 'അധികാര'ത്തിലെ സരസ്വതി 'അയൽക്കാരി'ലെ സാറാ, 'സ്വപ്ന'ത്തിലെ നാണി എന്നിവർ ഗാർഹികാധികാരപ്രയോഗത്തിലൂടെ ശ്രദ്ധിക്കപ്പെട്ടവരാണ്. അധികാരത്തിന്റെ തന്ത്രങ്ങളെ ഗൂഢമായി പ്രയോഗിക്കുമ്പോഴാണ് രഹസ്യാത്മകത എന്നതലത്തിന് പ്രാധാന്യമുണ്ടാവുക. 'സഖാവ് കാരോട്ടു കാരണവരി'ലെ കാരണവർ രഹസ്യമായി നടത്തിയ അധികാര പ്രയോഗത്തിലൂടെയാണ് എല്ലാം നേടിയത്. എന്നാൽ ലഭിച്ച അധികാരസ്ഥാനത്തെ നിഷേധിച്ച് അധികാരപ്രയോഗത്തിന്റെ ഭാഗമായ കഥാപാത്രങ്ങളുമുണ്ട്. അധികാരത്തിലെ രാമു അത്തരത്തിൽ ശ്രദ്ധിക്കപ്പെട്ട കഥാപാത്രമാണ്.

അധികാരത്തിന്റെ ജീർണ്ണത ദേവിന്റെ പല നോവലുകളിലും കാണാം. 'അയൽക്കാരി'ൽ കാരണവരുടെ അഭാവത്താൽ പിന്നീട് പല കഥാപാത്രങ്ങളും അധികാരജീർണ്ണതയുടെ പ്രതീകങ്ങളാകുന്നു. ദേവകിയമ്മയുടെ കാര്യം എടുത്തു പറയേണ്ടതാണ്. കാരണവർ നിൽക്കെത്തന്നെ അവർ അധികാരപ്രയോഗത്തിനുള്ള അവസരം വിനിയോഗിക്കുന്നു. പച്ചാഴിത്തറവാട്ടിലേക്ക് മടങ്ങിയശേഷമുള്ള അവരുടെ പ്രവർത്തനങ്ങളെല്ലാം അധികാര

ജീർണ്ണതയുടെ പ്രതിഫലനമാണെന്നു പറയാം. 'കണ്ണാടി'യിലെ മൂപ്പൻ കൊച്ചുമുതലാളിയേക്കാൾ കൂടുതലായി തൊഴിലാളികളെ ഉപദ്രവിക്കുന്നു. തനിക്കു ലഭിച്ചിരിക്കുന്ന അധികാരസ്ഥാനം അയാളെ ഉന്മത്തനാക്കുന്നു. സ്വയം ആ സ്ഥാനം ഏറ്റെടുത്ത് തീരുമാനങ്ങൾ പ്രാവർത്തികമാക്കുന്നു. ജീർണ്ണാധികാരത്തിന്റെ ഫലമായി അയാളുടെ ലക്ഷ്യങ്ങൾ സാധിക്കുന്നില്ല. അത് ഫാക്ടറിയിലെ എല്ലാ പ്രശ്നങ്ങൾക്കും കാരണമായി മാറുന്നു.

അധികാരപ്രമത്തത ഏറ്റവും ഭംഗിയായി അവതരിപ്പിച്ചിട്ടുള്ളത് ദേവാണ്. അധികാരത്തിലേക്ക് ചുവടുവയ്ക്കുന്നതും എതിരാളികളെ അടിച്ചമർത്തി അധികാരം കൈയ്യടക്കുന്നതും നോവലുകളിൽ കാണാം. ഏകാധിപത്യവും സ്വജനപക്ഷപാതവും അധികാരവടംവലിയും അതിന്റെയൊക്കെ ഫലമായി അനവരതം തുടരുന്ന അധികാരജീർണ്ണതയും ദേവ് സൂക്ഷ്മമായി ചിത്രീകരിച്ചിരിക്കുന്നു.

അധികാരത്തിന്റെ വ്യത്യസ്തതലങ്ങൾ കേശവദേവ് തന്റെ നോവലുകളിലും ചെറുകഥകളിലുമായി അവതരിപ്പിച്ചിട്ടുണ്ട്. എഴുത്തുകാരൻ എന്നനിലയ്ക്കും വ്യക്തിയെന്ന നിലയ്ക്കും ഏതുതരം അധികാരത്തെയും ചോദ്യം ചെയ്ത ആളാണ് ദേവ്. അധികാരത്തെ തന്റെ രചനകളിൽ പരിചരിക്കുന്നതും അങ്ങനെതന്നെ.

ദേവിന്റെ നോവലുകളെക്കുറിച്ച് കുറച്ച് അധികം പഠനങ്ങളുണ്ടായിട്ടുണ്ടെങ്കിലും അധികാരത്തെ കേന്ദ്രീകരിച്ച് കാര്യമായ പഠനങ്ങളൊന്നും നടന്നിട്ടില്ല. അതുകൊണ്ടുതന്നെ ഇത്തരം ഒരു അപഗ്രഥനത്തിന് പ്രസക്തിയുണ്ടെന്നു കരുതുന്നു.